ജി (1) 51563/2004

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,

കേരള, തിരുവനന്തപുരം,

തീയതി: 25-01-2005

സർക്കുലർ നമ്പർ: 01/2005

വിഷയം: സഹകരണവകുപ്പ്- സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കുള്ള ഓണറേറിയവും ഭരണസമിതി അംഗങ്ങൾക്കുള്ള ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവയും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന: 1 സഹകരണസംഘം രജിസ്ട്രാറുടെ 26/4/2000 ലെ 19/2000 നമ്പർ സർക്കുലർ

2. സഹകരണസംഘം രജിസ്ട്രാറുടെ 18/6/2003 ലെ 32/2003 നമ്പർ സർക്കുലർ

3. സഹകരണസംഘം രജിസ്ട്രാറുടെ 18/6/2003 ലെ 33/2003 നമ്പർ സർക്കുലർ

4. സഹകരണസംഘം രജിസ്ട്രാറുടെ 21/2/2003 ലെ 07/2003 നമ്പർ സർക്കുലർ

5. സഹകരണസംഘം രജിസ്ട്രാറുടെ 13/7/1995 ലെ 19/1995 നമ്പർ സർക്കുലർ

6. സഹകരണസംഘം രജിസ്ട്രാറുടെ 16/6/2001 ലെ 24/2001 നമ്പർ സർക്കുലർ

7. സഹകരണസംഘം രജിസ്ട്രാറുടെ 16/6/2004 ലെ 22/2004 നമ്പർ സർക്കുലർ

8. സഹകരണസംഘം രജിസ്ട്രാറുടെ 21/12/2002 ലെ സി.എസ് (1) 41805/02 നമ്പർ ഉത്തരവ്.

9. സഹകരണസംഘം രജിസ്ട്രാറുടെ 16/2/2000 ലെ സി.എസ് (1) 54280/99 നമ്പർ ഉത്തരവ്.

10. സഹകരണസംഘം രജിസ്ട്രാറുടെ 26/6/2000 ലെ 35/2000 നമ്പർ സർക്കുലർ

സൂചന 1,2 പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, എന്നിവയുടെയും അർബൻ ബാങ്ക്, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ പ്രസിഡന്റുമാരുടെയും ഓണറേറിയം, യാത്രാബത്ത, ദിനബത്ത, സിറ്റിംഗ് ഫീസ് എന്നിവ നിശ്ചയിച്ചുകൊണ്ടും, സൂചന 3 പ്രകാരം സംസ്ഥാനത്തെ വിവിധ അപ്പക്സ്, ഫെഡറേഷനുകളുടെ വൈസ്പ്രസിഡന്റുമാരുടെ ഓണറേറിയം നിശ്ചയിച്ചുകൊണ്ടും സൂചന 4 പ്രകാരം, രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കേരള കേര കർഷക സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ അപ്പക്സ് സ്ഥാപനങ്ങളുടെ പ്രസിഡന്റുമാരുടെ ഓണറേറിയം നിശ്ചയിച്ചുകൊണ്ടും, സൂചന 5, 6 പ്രകാരം യഥാക്രമം പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ ഭരണ സമിതി അംഗങ്ങളുടെ ദിനബത്ത, സിറ്റിംഗ് ഫീസ്,

യാത്രാബത്ത എന്നിവയും, പ്രാഥമിക മാർക്കറ്റിംഗ് സഹകരണ സംഘങ്ങളിലെ പ്രസിഡന്റുമാരുടെ ഓണറേറിയവും ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസും പുതുക്കി നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സൂചന 7 പ്രകാരം സംസ്ഥാനത്തെ പ്രാഥമിക വനിതാ സഹകരണ സംഘങ്ങളിലെ പ്രസിഡന്റുമാരുടെ ഓണറേറിയം നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

സൂചന 8, 9 പ്രകാരം സഹകരണ കൺസ്യൂമർ ഫെഡറേഷൻ പ്രസിഡന്റിന്റെ ഓണറേറിയവും ഭരണസമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസും പുതുക്കി നിശ്ചയിച്ചുകൊണ്ടും, സൂചന (10) അനുസരിച്ച്, അർബൻ സഹകരണ ബാങ്കുകളിലെ കമ്മറ്റി അംഗങ്ങളുടെ യാത്രാബത്ത പരിഷ്കരിച്ചും ഉത്തരവായിട്ടുണ്ടായിരുന്നു.

ഇപ്പോൾ നിലവിലുള്ള നിരക്കുകൾ പുതുക്കി നിശ്ചയിക്കണമെന്ന സഹകാരികളുടെ അപേക്ഷ കണക്കിലെടുത്തും ഇനിയും ഓണറേറിയമോ, സിറ്റിംഗ് ഫീസോ നിശ്ചയിച്ചു നൽകിയിട്ടില്ലാത്ത അപ്പക്സ് ഫെഡറേഷനുകൾ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർക്കും ഭരണ സമിതി അംഗങ്ങൾക്കും ഓണറേറിയം, യാത്രാബത്ത, ദിനബത്ത, സിറ്റിഗ് ഫീസ് എന്നിവ നൽകേണ്ടത് ആവശ്യമാണെന്ന് കണ്ടതിനാലും സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കുള്ള പ്രതിമാസ ഓണറേറിയം തുക സഹകരണചട്ടം 49 പ്രകാരം നിശ്ചയിച്ച്/ പരിഷ്കരിച്ചുകൊണ്ടും, സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ സഹകരണചട്ടം 48 (5) പ്രകാരം നിശ്ചയിച്ച് / പരിഷ്കരിച്ചുകൊണ്ടും ഉത്തരവാകുന്നു. പരിഷ്കരിച്ച നിരക്കുകൾ ഇതോടൊപ്പമുള്ള പട്ടികയിൽ ചേർത്തിരിക്കുന്നു.

**പൊതു വ്യവസ്ഥകൾ**

1. പരിഷ്കരിച്ച നിരക്കിന് 01-01-2005 മുതൽ പ്രാബല്യമുണ്ടായിരിക്കും.

2. ഓണറേറിയം കൈപ്പറ്റുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, എന്നിവർക്ക് സ്ഥാപനത്തിന്റെ ആസ്ഥാനത്ത് നിന്ന് 8 കിലോമീറ്റർ വരെയുള്ള യാത്രയ്ക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

3. ഭരണസമിതി യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് പുറമേ സിറ്റിംഗ് ഫീസിനും അർഹതയുണ്ടായിരിക്കും.

4. വ്യാപാര ആവശ്യത്തിനായി യാത്ര ചെയ്യേണ്ടി വരുന്ന ഭരണസമിതി അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് പുറമേ ദിനബത്തയ്ക്കും അർഹതയുണ്ടായിരിക്കും.

5. സ്ഥാപനത്തിന്റെ വാഹനം ഉപയോഗിക്കുന്നവർക്കും സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കുന്ന ഭരണസമിതി അംഗങ്ങൾക്കും യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഇവർക്ക് അതാതു സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള ഇൻസിഡന്റൽ എക്സ്പെൻസിന് അർഹതയു

ണ്ടായിരിക്കും. (8 കിലോമീറ്ററിന് പുറത്ത് യാത്ര ചെയ്യുന്ന പക്ഷം പ്രസ്തുത തുക ഏറ്റവും കുറഞ്ഞത് പകുതി ദിനബത്തയായിരിക്കും.

6. വാഹനം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ പ്രസിഡന്റ് / ഭരണസമിതി അംഗങ്ങൾ യാത്ര യ്ക്കായി വാഹനം ഉപയോഗിക്കുന്നില്ല എങ്കിൽ അവർക്ക് ഒന്നാം ക്ലാസ്/രണ്ടാം ക്ലാസ് എ.സി. യിലുള്ള ട്രെയിൻ യാത്രാനിരക്കോ, റോഡ് മാർഗമാണ് യാത്ര എങ്കിൽ എക്സ്പ്രസ്/സൂപ്പർ ഫാസ്റ്റ് ബസ് നിരക്കും, അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് ട്രെയിൻ/റോഡ് യാത്രയ്ക്കും അനുവദനീയമായ ഇൻസിഡന്റൽ എക്സ്പെൻസിനും അർഹതയുണ്ടായിരിക്കും.

7. കേരള സർവ്വീസ് റൂൾസിലെ വ്യവസ്ഥയ്ക്കനുസൃതമായി ഭരണസമിതി അംഗങ്ങൾക്ക് അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്, അനുവദനീയമായ നിര ക്കിലുള്ള ഹാൾട്ട് ഡി.എ.യ്ക്ക് അർഹതയുണ്ടായിരിക്കും.

8. സംസ്ഥാനത്തിന് പുറത്ത് യാത്ര ചെയ്യുന്നവർക്കുള്ള ദിനബത്ത സാധാരണ നിരക്കിലും 50 % അധികാമായിരിക്കും. കൂടാതെ മുറിവാടക ഇനത്തിൽ അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള തുകയ്ക്കും അർഹതയുണ്ട്.

9. ഈ ഉത്തരവ് പ്രകാരം ഓണറേറിയം, യാത്രാബത്ത, ദിനബത്ത, സിറ്റിംഗ് ഫീസ് എന്നിവ അനുവദനീയമല്ലാത്ത വിഭാഗങ്ങളിൽപ്പെടുന്ന സംഘങ്ങൾക്ക് അപേക്ഷിക്കുന്ന മുറയ്ക്ക് സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് രജിസ്ട്രാർ പ്രത്യേക ഉത്തരവ് നൽകുന്ന താണ്. എന്നാൽ ഈ വിഭാഗങ്ങളിൽപ്പെടുന്ന സംഘങ്ങളുടെ ആവശ്യത്തിനായി ഏതെങ്കിലും കാരണവശാൽ ഭരണസമിതി അംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടിവരുന്ന പക്ഷം അവർക്ക് യഥാർഥ ബസ് യാത്രാ നിരക്ക് വാങ്ങാവുന്നതാണ്.

10. ഈ ഉത്തരവിന്റെ പ്രാബല്യ തീയതി മുതൽ സൂചന (7) പ്രകാരമുള്ള രജിസ്ട്രാറുടെ സർക്കുലർ റദ്ദ് ചെയ്യപ്പെടുന്നതാണ്.

ഒപ്പ്

കെ.കേശവൻ

സഹകരണ സംഘം രജിസ്ട്രാർ (ഇൻ ചാർജ്ജ്)

1. ബന്ധപ്പെട്ട അപ്പക്സ് സഹകരണസ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് , മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.

2. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലെയും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ മാനേജർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.

3. എല്ലാ ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ്) എന്നിവർക്ക്.

4. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന.

5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ആഡിറ്റ്) മാർക്ക്.

6. ബന്ധപ്പെട്ട മറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.

7. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.

***പകർപ്പ്:***

1. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും സെക്ഷനുകൾക്കും.

2. രജിസ്ട്രാറുടെ മേശപ്പുറത്ത്.

3. എഡിറ്റർ സഹകരണവീഥി/സഹകരണ ജേർണൽ

4. സർക്കുലർ ബുക്ക്, സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി